
# ഇ മഷി





## ജി വി എച്ച് എസ് എസ് പുത്തൂർ
## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ
## 2023-2024

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വലിയൊരു മുന്നേറ്റമാണ് നടക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെല്ലാം ഹൈടെക്ക് ആക്കിയിരിക്കുന്നു. സാങ്കേതിക വിദ്യയുടെ അറിവുകൾ പുതിയ തലമുറയ്ക്ക് പകർന്ന് നൽകുന്ന പദ്ധതിയാണ് "ലിറ്റിൽകൈറ്റ്സ്".

സമൂഹമൊട്ടാകെ സാങ്കേതികവിദ്യ പകർന്ന് കൊടുക്കുന്നതിൽ സംഭാവന നൽകി ക്കൊണ്ട് പുത്തൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്-" ലെ കുട്ടികളുടെ ഇ മഷി എന്ന ഡിജിറ്റൽ മാഗസീൻ ഞങ്ങൾ ഇവിടെ നിങ്ങൾക്കായി സവിനയം സമർപ്പിക്കുന്നു.

ഇ മഷി

എഡിറ്റോറിയൽ ബോർഡ്

# സന്ദേശം

പ്രിയ കുട്ടികളേ.....

പഠനത്തോടൊപ്പം തന്നെ നമ്മുടെ സർഗാത്മകമായ കഴിവുകളും പ്രകടിപ്പിക്കാൻ ഇന്ന് നമുക്ക് അവസരങ്ങളുണ്ട്. ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ നമ്മുടെ വിദ്യാഭ്യാസം കൂടുതൽ പ്രകാശമാനമാകുന്നു. ഈ അവസരം നിങ്ങൾ പ്രയോജനപ്പെടുത്തിയിരിക്കുന്നു.

നിങ്ങളുടെ കൊച്ചുമനസ്സിൽ തെളിഞ്ഞവരകളും വർണ്ണങ്ങളും അക്ഷരങ്ങളും എന്നെ സന്തോഷിപ്പിക്കുന്നു. നിങ്ങളുടെ ഇത്തരം കഴിവുകൾ തുടർന്നുകൊണ്ടേയിരിക്കുക. ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ **ഇ മഷി** എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ ആശംസകളും നേരുന്നു.

നിങ്ങൾക്കു നന്മ വരട്ടെ.........

പ്രധാനാധ്യാപിക
ശ്രീമതി ഉഷാകുമാരി

# എഡിറ്റോറിയൽ ബോർഡ്


1. ആദിമിത്ര സി ജി
2. അകന്യ സത്യൻ
3. ദേവിക കെ എസ്
4. എഡ്വിൻ സുനിൽ
5. ജെസ്റ്റോ ജെയ്സൺ

# ഉള്ളടക്കം


| | |
|---|---|
| കേരളം | 6 |
| ആത്മസഖി | 7 |
| ഇതിഹാസ വാളുകൾ | 8-10 |
| അമ്മയുടെ കഷ്ടപ്പാടുകൾ | 11 |
| കഴുതയുടെ പാട്ട് | 12-13 |
| ഞാനാണ് ചരിത്രം | 14-15 |
| എന്റെ കൂടെ മാഞ്ഞുകൊണ്ടിരിക്കുന്ന ഓർമ്മ | 16-18 |
| നവസൃഷ്ടിക്കായ് | 19-20 |
| കുഞ്ഞി പൂച്ച | 21 |
| ശബരിമലയിലൂടെ എന്റെ യാത്ര | 22-23 |
| അവളും നവകേരളശില്പി | 24-25 |
| അത്തേക്കാട്ടിലെ പാവുട്ടകൾ | 26-27 |
| ചിത്ര രചനകൾ | 28-29 |
| SSLC LK BATCH PHOTO | 30 |
| THANKS | |

# കേരളം

കേരളം എന്നൊരു നാട്
കേര തിങ്ങും നാട്
കാടും മേടും പൂത്തു ചിരിക്കും
കേരളാമെന്നുടെ നാട്



കുയിലുകൾ കൂകും നാട്
മയിലുകൾ ആടും നാട്
മാനും മുയലും തുള്ളി നടക്കും
കേരളമെന്നുടെ നാട്

മാവേലി വന്നൊരു നാട്
പൂവിളി ഉയരും നാട്
പൂമഴ പെയ്യും നാട്
ദൈവത്തിൻ പ്രിയ നാട്

ആൻ മരിയ ബിജു
8 A

# ആത്മ സഖി

രാമന്റെ അയനത്തിൽ
ഊർമ്മിളയ്ക്കെന്തു സ്ഥാനം
സീതതൻ നിഴലായ്
നിലയുറപ്പിച്ചവൾ
അകത്തളങ്ങളിൽ വിങ്ങലായ്
നിഴലായി അമ്മമാർ തൻ ചാരെ
ഏകാകിയാണവൾ, നിശബ്ദയാണവൾ
ലക്ഷ്മണ സാമീപ്യം കൊതിക്കും
പെൺ പുഷ്പവും
പൂങ്കാവനത്തിൽ രമിച്ച്
സീതാരാമനും
കൊട്ടാര കൽക്കെട്ടിൽ
കാരാഗ്രഹത്തിൽ
പതി വിയോഗത്തീയിൽ നീയും
താഴ്ന്ന തുലാസിൽ സീതയോ നീയോ
പരിഭവമില്ല, മിഴികളിൽ തുലോം
പരാതിയില്ല ജിഹ്വാഗ്രത്തിൽ പോലും
കുലീനയാണവൾ കുടുംബിനിയാണവൾ
എങ്കിലും പിന്നിലാണവളെന്നും
ആത്മസഖിയാണെനിക്കു നീ
പ്രിയേ... എൻ അന്തരംഗത്തിലും

രശ്മി ആർ
HST MALAYALAM

# ഇതിഹാസ വാളുകൾ

വർഷങ്ങൾക്ക് മുൻപ് രണ്ടു കുലങ്ങൾ തമ്മിൽ നടന്ന ഒരു യുദ്ധത്തിന്റെ കഥയാണ് ഇവിടെ നടക്കുന്നത്.
സറുട്ടോബിക് കുലവും സുകുറുകുലവും തമ്മിൽ എട്ടു ഇതിഹാസ വാളുകൾക്ക് വേണ്ടി നടത്തിയ യുദ്ധമാണിത്.

കഥ തുടങ്ങുന്നു..

നമ്മുടെ കഥാനായകനായ ജയ്, സറുട്ടോബി കുലത്തിന്റെ നേതാവായ ഡാൻ സെറുട്ടോബിയുടെ മകനാണ്. ഇദ്ദേഹത്തിന് യുദ്ധത്തിൽ വലിയ താല്പര്യമൊന്നും ഉണ്ടായിരുന്നില്ല. ലോകം അറിയുന്ന ഒരു വാൾ പയറ്റുകാരൻ ആകണമെന്നായിരുന്നു അദ്ദേഹത്തിൻറെ ആഗ്രഹം.

അങ്ങനെ ഒരുനാൾ അദ്ദേഹത്തിന് വീട്ടിലുണ്ടായിരുന്ന ഒരു പ്രാചീന പുസ്തകത്തിൽ നിന്നും, 8 ഇതിഹാസ വാളുകളുടെ രഹസ്യം അറിഞ്ഞു. ഈ 8 ഇതിഹാസ വാളുകളും യോജിപ്പിച്ചാൽ, സ്വാഡ് ഓഫ് ഇച്ചിമുഞ്ചി എന്ന മഹത്തായ വാൾ ലഭിക്കും. ഇവിടെ ജനിക്കുന്ന ഓരോരുത്തർക്കും ഓരോ മഹത്തായ ഘടകങ്ങൾ ഉണ്ടായിരിക്കും.
ഉദാഹരണത്തിന് വായു,അഗ്നി, ജലം പിന്നെ അതുമായി ബന്ധപ്പെട്ട അടിസ്ഥാന ഘടകങ്ങളും. 100

വർഷങ്ങൾക്കിടയിൽ ജനിക്കുന്ന എട്ടു മനുഷ്യർക്ക് മാത്രം അടുത്ത 8 ഇതിഹാസ വാളുകൾ ഉപയോഗിക്കുവാനുള്ള ശക്തി ഉണ്ടായിരിക്കുകയുള്ളൂ.







നമ്മുടെ നായകന്  ഒരു സഹോദരൻ ഉണ്ട്,പേര് ഓസ്കാ സെറിട്ടോബി. ഇവിടെ 8 ഇതിഹാസ വാളുകൾ മാത്രമല്ല, മൂന്ന് ഇതിഹാസ മുഖംമൂടികൾ കൂടിയുണ്ട്.

ഓരോ മുഖം മൂടിയുള്ളവർക്കും രണ്ടു ഘടകങ്ങൾ വീതം ഉപയോഗിക്കുവാനുള്ള കഴിവുണ്ട്. പക്ഷേ ഇതിൽ ചില മുഖംമൂടികളുടെ പൈശാചിക ആത്മാക്കൾ നമ്മുടെ മനസ്സിനെ നിയന്ത്രിച്ച്  ദുഷ്പ്രവർത്തികൾ ചെയ്യാൻ പ്രേരിപ്പിക്കും. അങ്ങനെ ഒരു മുഖംമൂടിയുടെ വലയിൽ വീണ ഒരു വ്യക്തിയാണ് ഓസ്കാ. അദ്ദേഹത്തിൻറെ തിരിച്ചുകൊണ്ടുവരാനുള്ള യാത്രയാണ് തുടരുന്നത്.

ശ്രീഹരി
8A


# അമ്മയുടെ കഷ്ടപ്പാടുകൾ

പെറ്റമ്മയാണ് എന്റെ അമ്മ
അമ്മയെ കണ്ടൊരു നേരത്ത്
ഉള്ളിന്റെയുള്ളിൽ തേങ്ങലുമായി
അമ്മയെ നോക്കുന്ന നേരം..
എന്തിനാണ് കുഞ്ഞു കരയുന്നതെന്ന്
അമ്മയ്ക്ക് കാര്യം മനസ്സിലായി
കുഞ്ഞിനെ വിശക്കുന്നുണ്ട്
കുഞ്ഞു കിടന്നു കരയുകയാണ്
ആഹാരം ഇല്ലാതെ
കഷ്ടപ്പാടും ദുരിതങ്ങളും
ആഹാരം കിട്ടാതെ
അമ്മ പാട്ടുകൾ പാടിയുറക്കുന്നു

അനന്യ ഇ എ
6A



# കഴുതയുടെ പാട്ട്



ഒരിടത്ത് മണ്ടച്ചാരായ ഒരു കഴുത ഉണ്ടായിരുന്നു. ഒരു ദിവസം അവൻ കാട്ടിലൂടെ നടന്നു വരുമ്പോൾ നല്ലൊരു പാട്ട് കേട്ടു. കഴുത ചുറ്റും നോക്കി അവിടെ കുറെ പുൽച്ചാടികൾ!! അവരാണ് പാട്ടുപാടുന്നത്. കഴുത വേഗം പുൽച്ചാടികളുടെ അടുത്തെത്തി.

"കൂട്ടുകാരെ നിങ്ങൾ എങ്ങനെയാ മനോഹരമായി പാട്ടുപാടുന്നത്?" കഴുത ചോദിച്ചു. മഹാ വികൃതികൾ ആയിരുന്ന അവർ കഴുതയെ പറ്റിക്കാൻ തീരുമാനിച്ചു.

"ഞങ്ങൾ മഞ്ഞുതുള്ളികൾ മാത്രം കഴിച്ചാണ് ജീവിക്കുന്നത്. അതാണ് ഇത്രയും നല്ല ശബ്ദം".

പുൽച്ചാടികൾ പറഞ്ഞത് കഴുത വിശ്വസിച്ചു. പിറ്റേന്ന് മുതൽ കഴുത മഞ്ഞുതുള്ളികൾ മാത്രം കഴിക്കാൻ തുടങ്ങി. എന്നിട്ട് ദിവസവും പാട്ടും. പക്ഷേ പുൽച്ചാടികളെപ്പോലെ പാടാൻ കഴിയുന്നില്ല. ഒട്ടുവിൽ കഴുത ക്ഷീണിച്ച് എല്ലും തോലുമായി. നന്നായി പാടാനും കഴിഞ്ഞില്ല.പുൽച്ചാടികൾ തന്നെ പറ്റിക്കുകയാണെന്ന് മനസ്സിലാക്കിയ കഴുത തീറ്റ തേടി ദൂരേക്ക് പോയി.

ഗുണപാഠം:-
നല്ലകൂട്ടുകാരുടെ അഭിപ്രായങ്ങൾ മാത്രം സ്വീകരിക്കുക.

ആൻ മരിയ ബിജു
8 A

# ഞാനാണ് ചരിത്രം

ഇരുളിന്റെ പാതയിൽ
പകലിന്റെ തെളിമയിൽ
മാറിടം മറയ്ക്കാതെ നടന്നവൾ ഞാൻ

ഉടയോന്റെ ഭൂമിയിൽ
അടിയാന്റെ ദുരിതങ്ങൾ
ഏറ്റുവാങ്ങിയ ജന്മം ഞാൻ

മതിൽക്കെട്ടിനകത്തെ ദൈവത്തെയറിയാതെ
നടപ്പാതകളിൽ കാലമരുന്ന സുഖമറിയാതെ
പാതയില്ലാ പാതയിൽ സഞ്ചരിച്ചവൻ ഞാൻ

പൂത്ത പാടങ്ങളിലെ നെല്ലിനെ കൊയ്തവൻ
കൊയ്ത നെല്ലിനെ അളന്ന് നിലവറ നിറച്ചവൻ
കുത്തിയ നെല്ലിന്റെ ചോറുണ്ണാൻ
ഗതിയില്ലാത്തവൻ ഞാൻ

അറിവിന്റെ തിരുവെട്ടമാം അക്ഷരം
അധികാരമുള്ളോനെ അനുഗ്രഹിച്ചപ്പോൾ
'ആ'യുടെ പാഠങ്ങൾ നേടാത്തവൻ ഞാൻ

തോക്കിൻ കുഴലും പീരങ്കിയുമേന്തിയ ശിവ സേനയെ
നെഞ്ച് വിരിച്ച കരളൂറപ്പോടെ നേരിട്ട രാജന്റെ
ഒളിസേനയ്ക്ക് വീര്യമേകി വീരമൃത്യു വരിച്ചവൻ ഞാൻ

മലനാടിന്റെ കറുത്ത ചരിത്രത്തിന്റെ
ചിരാതിലെരിയുന്ന തിരി ഞാൻ
നവകേരളമെ അറിയുക നീ എന്നെ
എന്തെന്നാൽ ഞാനാണീ നാടിൻ ചരിത്രം.

ദീപ രവി
HST ENGLISH


# എന്റെ കൂടെ മറഞ്ഞു കൊണ്ടിരിക്കുന്ന ഓർമ

നല്ല മഴയാണ് പുറത്ത്. അതുകൊണ്ട് തന്നെ സ്കൂൾ തുറക്കുന്ന ദിവസമായിട്ടും ഞാൻ സ്കൂളിൽ പോയില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് 6 വർഷങ്ങൾക്കു മുൻപ് നടന്ന ആ കാര്യത്തിലേക്ക് ഞാൻ വഴുതിവീണത്. അന്ന് എന്റെ മൂന്നാം ക്ലാസ്സിലേക്കുള്ള ആദ്യ ദിവസം. ക്ലാസ്സിലേക്ക് എല്ലാവരെയും കയറ്റിയിരുത്തിയതിനു ശേഷം ടീച്ചർ എല്ലാവരോടും സംസാരിക്കാതെയിരിക്കാൻ പറഞ്ഞു. വന്ന ആദ്യ ദിവസം തന്നെ മിണ്ടാതിരിക്കാൻ പറഞ്ഞത് ആരും അനുസരിച്ചില്ല.



ഞാൻ നിശബ്ദമായി ചുറ്റിലും നോക്കി നല്ലൊരു കൂട്ടുകാരനെയോ, കൂട്ടുകാരിയെയോ കിട്ടാൻ. എല്ലാവരുടെയും മുഖം മാത്രം നോക്കി ഞാൻ വിലയിരുത്തി. അങ്ങനെ നോക്കിയപ്പോഴാണ് എന്റെ കണ്ണ് ഒരു നിഷ്കളങ്കമായ പുഞ്ചിരിയുടെ ഉടമയായ ഒരു കുട്ടിയെ കാണുന്നത്.

അവനെ ഞാൻ നോക്കുന്നത് കണ്ട അവൻ എന്നെ ഒന്ന് നോക്കി. ഞാൻ ആ നിമിഷം തന്നെ എന്റെ കണ്ണ് അവനിൽ നിന്നും എടുത്തു. പിന്നെ പിന്നെ ഞങ്ങൾ നല്ല കൂട്ടുകാരായി. അങ്ങനെ മൂന്നാം ക്ലാസ്സ് കഴിയാറായി. അങ്ങനെയിരിക്കെ എവിടെനിന്നു ഉത്ഭവിച്ച ഒരു ചെറിയ വഴക്ക് ഞങ്ങൾക്കിടയിൽ വലുതായി വലിയ തർക്കമായി, ആ വഴക്കിന്റെ ചൂടാറാൻ നല്ല സമയവും എടുത്തു.



മൂന്നാം ക്ലാസ് കഴിഞ്ഞ് അവസാന ദിവസമാണ് പിന്നീട് ഞങ്ങൾ സംസാരിച്ചതും എല്ലാം മറന്നു ഒന്ന് ചിരിച്ചതും ആ അവസാന ദിവസം ആയിരുന്നു. ഒരു മുന്നറിയിപ്പും ഇല്ലാതെ അവൻ എന്റെ അടുത്ത് വന്ന് മിണ്ടി മൂന്നാം ക്ലാസിൽ എന്ത് പിണക്കം ഉണ്ടെങ്കിലും അത് ഒരു കുട്ടിക്കളി മാത്രമായതുകൊണ്ട് ഞാൻ അവനോട് ക്ഷമിച്ചു. എന്തായാലും അവന്റെ മനസ്സിൽ കുറച്ച് വിഷമം ഉണ്ടായിരുന്നു എന്ന് എനിക്ക് മനസ്സിലായി. ഞങ്ങൾ അന്ന് പിരിഞ്ഞു.

അതിനുശേഷം നാലാം ക്ലാസിൽ സ്കൂൾ തുറന്നപ്പോൾ ഞാൻ ആദ്യം നോക്കിയത് അവനെ ആയിരുന്നു. എന്തോ എന്റെ കണ്ണിൽ അവൻ പെട്ടില്ല പിന്നെയാണ് മനസ്സിലായത് അവൻ സ്കൂൾ മാറിപ്പോയ കാര്യം. ഞെട്ടലോടെ ഞാൻ മനസ്സിലാക്കി ഇനി ഒരിക്കലും അവനെ കാണാൻ കഴിയില്ല എന്ന്. എന്നും ഒരു വിങ്ങലോടെ അല്ലാതെ അവനെ ഓർക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഒരിക്കലെങ്കിലും അവനെ കാണാൻ കഴിയും എന്നുള്ള വിശ്വാസത്തോടെ ഇന്നും ഞാൻ അവനെ കാത്തിരിക്കുന്നു.

ശ്രീദേവിക സുനിൽകുമാർ
9 A

# നവസൃഷ്ടിക്കായ്...

കേരളം എൻ കേരളം നവകേരളം
ആർദ്രമാമീ തെന്നലെൻ ശ്വസവും നിശ്വാസവും
ഹരിതശോഭയാൽ ചേല ചുറ്റിയ മലനിരകളെ
മണിചിലങ്ക കിലുക്കിയോട്ടും പുഴകളെ

നീഹാര ശൈലങ്ങൾ തഴുകി തഴുകി
മന്ദമാരുതനിലൊഴുകിയെത്തും
മാലേയ സുഗന്ധിയാണെൻ കേരളം
ഹരിത കേരളം ഹരിതകേരളം കേരളം

മണ്ണ് നെഞ്ചിലെ കനലാക്കി മാറ്റിയ
കർഷകരുടെ കേരളം,.. കേരളം
നമുക്കായ് പുനർജ്ജനിക്കാൻ
ഒത്തുചേരാമിനിയുമൊത്തു ചേരാം

ഇനിയുമീ കാട്ടാറും പുഴകളും ഒഴുകണം
മലിനഭാരം ചുമന്നു തളർന്നു കരഞ്ഞിടാതെ
ഒഴുകിയൊഴുകിയാഴിയിൽ പോയ് ചേർന്നിടാൻ
ഇനിയുമിനിയും ഒഴുകണം

ആർദ്രമായ മനസ്സുമായ്
സ്നേഹം വഴിയും മിഴിയുമായ്
കർമ്മനിരതരായ് സാന്ത്വനങ്ങളായ്
നിങ്ങൾ തൻ കരങ്ങൾക്കു കരുത്തു പകർന്നിടാൻ
സ്വാഗതം നവകേരളം

വിദ്യയാണ് മഹാധനം വിദ്യതന്നെ വെളിച്ചവും
അജ്ഞതയാം അന്ധകാരമീ ദീപമേകിയണയ്ക്കണം
കൈകളെ കുഞ്ഞു കൈകളെ
പുതിയ യുഗത്തിൻ ശിൽപ്പികളെ
ഒത്തുചേർന്നിടാമൊത്തുചേർന്നിടാം
നവകേരളം പിറക്കുവാൻ

ഷീബ കെ എസ്
UPST

# കുഞ്ഞി പൂച്ച

മാളിക വീട്ടിലെ കുഞ്ഞിപ്പൂച്ചയ്ക്ക്
ചുറ്റിക്കറങ്ങാൻ മോഹം.
അമ്മച്ചി കാണാതെ കുഞ്ഞേച്ചി കാണാതെ
കുടയുമെടുത്തു നടന്നു.

പാടം കടന്നു പടവും കടന്നു
കടത്തും കടന്നു നടന്നു.
പടികൾ താണ്ടി മലകൾ താണ്ടി
അങ്ങനെയങ്ങനെ ദൂരെ.
ഇടവ മഴക്കാറ് കലിതുള്ളി വന്നു
ഇടിവെട്ടി മിന്നൽ തെറിച്ചു.

അമ്മയെ കാണാതെ
കുഞ്ഞിപൂച്ച
പേടിച്ചുറക്കെ കരഞ്ഞു.



ആൻ മരിയ ബിജു
8 A

# ശബരിമലയിലൂടെ എന്റെ യാത്ര




ഈ കഥ നടക്കുന്നത് ഞാൻ മൂന്നിൽ പഠിക്കുമ്പോഴാണ്. അന്നാണ് ഞാൻ ആദ്യമായി മലയ്ക്ക് പോകുവാൻ കുളിച്ചത്. അതിനുശേഷം 41 ദിവസം കഴിഞ്ഞാണ് ഞാൻ കന്നികെട്ടുമായി ശബരിമലയിലേക്ക് പോകുന്നത്. തിരുവൈരാണിക്കുളം, വടക്കുംനാഥൻ എന്നീ അമ്പലങ്ങൾ തൊഴുതിട്ടാണ് ഞാൻ മലക്ക് പോകുന്നത്. അവിടെ എത്തിയപ്പോൾ നേരം ഇരുട്ടി. അന്നുതന്നെ ഞാനും അച്ഛനും കൂടെ മലയുടെ പകുതി നടന്നു. ഞങ്ങളുടെ കൂടെ എന്റെ പാപ്പനും പാപ്പന്റെ മകനും ഉണ്ടായിരുന്നു. ഞങ്ങൾ മലയുടെ പകുതി എത്തിയപ്പോൾ രാത്രി 11 മണിയായായി. എന്നിട്ട് ഞങ്ങൾ അവിടെ ഒരു അമ്പല ചവിട്ടിൽ കിടന്നു. രാവിലെ എഴുന്നേറ്റപ്പോൾ ആദ്യം തന്നെ കണ്ടത് സിംഹവാലൻ കുരങ്ങനെയാണ്. ആ കുരങ്ങന്മാർ അവിടെയുള്ള മരങ്ങളും ചാടി നടക്കുകയായിരുന്നു . എന്നിട്ട് ഞങ്ങൾ പതിനെട്ടാംപടി കയറാൻ പോയപ്പോൾ നല്ല ആൾക്കൂട്ടമായിരുന്നു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ പോയി നോക്കി. എന്നിട്ട് നാലാം പടിയായപ്പോഴേക്കും ഞാൻ ആൾക്കൂട്ടത്തിൽ പെട്ട് വീണു. അച്ഛൻ പേടിച്ചു ...അച്ഛൻ ആളുകളെ തടയാൻ ശ്രമിച്ചു. പോലീസുകാർ എന്നെ എടുത്തു. അങ്ങനെ ഞാൻ രക്ഷപ്പെട്ടു. അപ്പോൾ ഞാൻ പേടിച്ചുപോയി. അവസാനം ഞാൻ അയ്യപ്പനെ കണ്ടു. അങ്ങനെ എന്റെ അയ്യപ്പനെ കാണണമെന്ന ആഗ്രഹം സാധിച്ചു. ഞാൻ വീട്ടിൽ പോകുമ്പോൾ എന്റെ മനസ്സിൽ സന്തോഷത്തിന് അവസാനം ഇല്ലായിരുന്നു.

നവനീത് എം ഡി
7A

# അവളും നവകേരള ശില്പി

കനൽ പാകിയ താർ വഴിയിലൂടെ,തെളിഞ്ഞ
നാട്ടുവഴിയിലൂടെ
ഹരിതവർണ്ണ മേലെങ്കിയോടെ പുതു ഭാവത്തിൽ
നടന്നു നീങ്ങുമ്പോൾ
മനസ്സിൽ ചിതലെടുത്തു തുടങ്ങിയ
നിറങ്ങൾക്കെവിടെയോ
നിലാവിന്റെ കുളിരു വീഴുന്നത് അവൾ അറിഞ്ഞു
കാലത്തിന്റെ മായാത്ത ഓർമ്മകളിൽ
നവ കേരള കൂട്ടായ്മയുടെ തിരിനാളമായി
നടന്നു തീരാത്ത വഴികളിൽ, അസ്തമിക്കാത്ത
ചിന്തകളും
അനന്തമായ നാട്ടോർമകളും പേറി
അവൾ വീടുകൾതോറും കയറിയിറങ്ങി
ലക്ഷ്യബോധത്തോടെ നിസ്വാർത്ഥമായ്

തെളിഞ്ഞ ആകാശ നീലിമയിൽ
പുതിയ കാലത്തിന്റെ താളം നെഞ്ചിലേറ്റി
പുതിയ നാടിന്റെ വസന്തം മിഴിയിൽ ഒളിപ്പിച്ച്
നവ മുന്നേറ്റങ്ങളെ ഇരുണ്ട അകത്തളങ്ങളിലേക്ക്
എത്തിച്ച്

പെൺ കൂട്ടായ്മയായി അവൾ പെയ്തിറങ്ങി
ബഹുശതം മാനങ്ങളും ലക്ഷ്യങ്ങളും താണ്ടി
കാലമറ്റത്തിന്റെ സൗന്ദര്യം തന്നിലും ആവാഹിച്ച്
നവ കേരള കാവലാളായി അവൾ നടന്നു നീങ്ങി
തെരുവുകൾ താണ്ടി......വീടുകൾ തോറും...
മാലിന്യങ്ങൾക്കിടയിലൂടെ, നാടിനെ ഹരിതാഭമാക്കാൻ

മരിക്കുന്നതിനു മുൻപേ മരിക്കുന്നവരെ
മരണത്തിൽ നിന്നും കൈ പിടിക്കാൻ
മാലിന്യ നിർമാർജ്ജനത്തിൽ പങ്കാളിയായി
നവ കേരള ശില്പിയായി അവൾ പുതുമഴയിലലിഞ്ഞു
ചേരാം നമുക്കും അവൾക്കൊപ്പം
അണി ചേരാം നവകേരള- മാലിന്യ മുക്ത നാടിനായി.

നിഷ ബി
HST ENGLISH

# അത്തേക്കാട്ടിലെ പാവുട്ടകൾ

## (ചെറുകഥ )


സുമിനി കെ സി
HST MALAYALAM

കൂരാകൂരിരുട്ട്.. സമയംപാതിരാ കഴിഞ്ഞു തുടങ്ങിയപ്പോൾ കറുത്ത മേഘ കൂട്ടങ്ങളുടെ മറ നീക്കി തിങ്കൾക്കല എത്തിനോക്കി. എവിടെയും പാവുട്ടയുടെ പാൽമണം നിറഞ്ഞു നിൽക്കുന്നു. അത്തേ കാട്ടിലെ പാവുട്ടകൾക്ക് തെച്ചിപ്പൂ പോലെ ശോഭിച്ചു നിൽക്കുന്ന ഒത്തിരിയേറെ കഥകൾ പറയാനുണ്ട്. രാമേട്ടന്റെ ഭാര്യ മരിച്ചതിനുശേഷം മകളായ ഗിരിജയാണ് അച്ഛന്റെ കൂട്ടിന് അത്തേക്കാട്ടിൽ കപ്പ കൃഷിക്കായി പോകുമായിരുന്നത്. കുലദൈവങ്ങൾ അനുഗ്രഹം പോലെ നൽകിയ ഒരു ഏക്കർ കാട് അവർക്ക് അവിടെ ഉണ്ടായിരുന്നു.

രാമേട്ടനും മകളും കുടുംബത്തിന്റെ വിശപ്പകറ്റാനായി അവിടെ കപ്പ കൃഷി ചെയ്യുമായിരുന്നു. കപ്പ മൂത്താൽ അതിന്റെ പാൽമണം അവിടം പ്രസരിക്കുമായിരുന്നു. അപ്പോൾ ആ അച്ഛനും മകളും കപ്പ കൈകൾ വലിച്ച് തോർത്തി നോക്കുമായിരുന്നു. അവയുടെ കടക്കുറ്റിയിൽ കപ്പക്കിഴങ്ങുകൾ ചിലന്തിക്കൂട്ടം പോലെ ചിരിച്ചു തലയാട്ടി നിൽക്കുമായിരുന്നു. ഉടനെ കപ്പയെ അവിടെയുള്ള തവളക്കുളത്തിലെ ചാലു വെള്ളത്തിൽ കഴുകി വിരിപ്പാറയിൽ കൊണ്ടിട്ട് ചെത്തി ചെറിയ പൂളാക്കി ഉണക്കാനിടും.


അങ്ങനെ ഒരു ദിവസം വിരിപ്പാറയിൽ അച്ഛനും മകളും പണികൾ ചെയ്തു കൊണ്ടിരുന്നപ്പോൾ സമയം പോയത് അറിഞ്ഞില്ല. മാത്രമല്ല വിരിപ്പാറയിൽ കപ്പയെ ഉപേക്ഷിച്ച് വീട്ടിലേക്ക് പോന്നാൽ രാത്രി പന്നിക്കൂട്ടങ്ങ കുട്ടപ്പന്മാർ അവയുടെ രുചി അറിയും. അതിനാൽ ആ രാത്രി അവർ അവിടെ കാവൽ കിടക്കാൻ തീരുമാനിച്ചു. അല്പം കഴിഞ്ഞപ്പോൾ ഇരുട്ടിന്റെ മറവിൽ തീ ഗോളങ്ങൾ ആകുന്ന ഒരു വരിക്കൂട്ടത്തെ കണ്ടു. ഭയവും ആകാംക്ഷയും കൊണ്ട് ആ അച്ഛനും മകളും വിറയാർന്ന ഹൃദയമിടിപ്പുകളോടെ ആ മലമടക്കുകൾക്കിടയിലൂടെ നീങ്ങുന്ന തീ ഗോളങ്ങളെ സാകൂതം ശ്വാസമടക്കി നോക്കി നിന്നു. കുറച്ചുനേരം കൊണ്ട് ആ തീ ഗോളങ്ങളാകുന്ന വരിക്കൂട്ടങ്ങൾ വൃത്താകൃതി പ്രാപിച്ചു. മനസ്സിലാകാത്ത ഏതോ ഭാഷയിൽ അവർ ഓരിയിട്ടു തുടങ്ങി. അപ്പോഴാണ് രാമേട്ടന് തന്റെ അച്ഛമ്മ പറഞ്ഞുതന്ന ഒറ്റമുലയക്ഷിയുടെ കഥ ഓർമ്മവന്നത്. ഭയചകിതരായി ഇമയനക്കാതെ ശബ്ദമുണ്ടാക്കാതെ അവരാ കാഴ്ച നോക്കി നിന്നു. മുട്ടോളം എത്തുന്ന ഒറ്റമുല തോളിലിട്ട് ആർത്തട്ടഹസിച്ച് തീ കുണ്ഡത്തിനു നടുവിൽ അവർ നൃത്തം വെച്ചു.ആ പറ്റം യക്ഷിക്കൂട്ടങ്ങളുടെ ആർത്തനാദം കർണ്ണപുടങ്ങളിൽ അലയടിച്ചപ്പോൾ ഞാൻ പതുക്കെ ടൈം പീസിന്റെ കഠോരമായ നാദത്തിൽ പതുക്കെ ഒന്ന് ചുംബിച്ചു. പിന്നെ തിരിഞ്ഞു കിടന്നു. അപ്പോൾ എവിടെയോ ഒരു പൂവൻ കോഴിയുടെ കൂവൽ കേട്ടു.

..............................................................



IF I CAN STOP ONE HEART BREAKING
If I can stop one heart from breaking
I shall not live in vain
If I can ease one life that's aching
Or cool one pain
Or help one fainting robin
Unto his nest again
I Shall not live in vain.
by Avanthika

# ചിത്ര രചനയിലൂടെ





# LITTLE KITES STUDENTS
# SSLC 2023-2024



*BEST*

*WISHES*







# T H A N K S